(6) സ്പിരിറ്റ് കേസിലെ പ്രധാന പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ നടപടി

ശ്രീ. വി. ഡി. സതീശൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ കരിമാലൂർ വില്ലേജിൽ ആലങ്ങാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കഴിഞ്ഞ ഒക്ടോബർ 24-ാം തീയതി ജുമാ അത്ത് പള്ളി സെക്രട്ടറിയായ ശ്രീ. അബ്ദുൾ സലാമിന്റെ പുരയിടത്തിൽ ആലങ്ങാട് എസ്.ഐ.യും സംഘവും രഹസ്യ വിവരം കിട്ടിയതിനെത്തുടർന്ന് പരിശോധന നടത്തുകയും 10 ലിറ്റർ സ്പിരിറ്റ് കണ്ടെത്തുകയും ചെയ്തു. മഹസറിൽ ഒപ്പിടുന്നതിനായി അയൽവാസികളോട് ആവശ്യപ്പെട്ടു. ഇതറിഞ്ഞ് അവിടെ തടിച്ചുകൂടിയ ജനങ്ങൾ വ്യാജ സ്പിരിറ്റ് വേട്ടയിലേയ്ക്ക് നയിച്ച സംഭവത്തിന്റെ യഥാർത്ഥ വസ്തുത കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടു. ഈ വിഷയത്തിൽ ഉന്നത ഉദ്യോഗസ്ഥന്മാർ അടക്കമുള്ള ആളുകൾ ഇടപെടുകയും സ്പിരിറ്റ് കണ്ടെടുത്ത സംഭവത്തിൽ സ്ഥലം ഉടമയായ ജുമാ അത്ത് പള്ളി സെക്രട്ടറിക്ക് യാതൊരു വിധ പങ്കുമില്ലെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തുകയും ചെയ്തു. ഇതിനുപിന്നിൽ പ്രവർത്തിച്ചവരെയും തെറ്റായ സന്ദേശം നൽകിയവരേയും ഉടൻ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ട്. വലിയ പ്രക്ഷോഭം നടക്കുകയാണ്. യഥാർത്ഥത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രതികൾ ആരൊക്കെയാണെന്ന് പോലീസിന് വളരെ വ്യക്തമായി അറിയാം. ഞാൻ അടക്കമുള്ള ജനപ്രതിനിധികളോട് ഉന്നത മായ ഉദ്യോഗസ്ഥർ വളരെ വ്യക്തമായി ഇതിനെക്കുറിച്ച് പറഞ്ഞെങ്കിലും മുകളിൽ നിന്നും മറ്റുതരത്തിലുള്ള ചില ഇടപെടലുകൾ ഉണ്ടായതിനെത്തുടർന്ന് പോലീസ് നടപടിയെടുക്കാത്ത സ്ഥിതിയാണ്. എല്ലാ രാഷ്ട്രീയപാർട്ടികളും സംഘടനകളും ഒറ്റക്കെട്ടായി ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നാണ് പറയുന്നത്. ഇതിൽ രാഷ്ട്രീയമോ മതമോ മറ്റൊന്നുമില്ല. പക്ഷേ നിരപരാധിയായ ഒരാളുടെ വീട്ടിൽ നിന്നും സ്പിരിറ്റ് കണ്ടെത്തിയെന്ന് പറയുമ്പോൾ അയാൾക്കുണ്ടാകുന്ന മനോവേദനയും ആ പ്രദേശത്ത് ഉണ്ടാകുന്ന പ്രശ്നങ്ങളും മനസ്സിലാക്കി ഇത്തരം കേസ്സുകളിൽ നടപടി എടുത്തില്ലെങ്കിൽ ഇത് സംസ്ഥാനത്ത് വ്യാപകമായി ആവർത്തിക്കപ്പെടും. അതുകൊണ്ട് പോലീസിന് വ്യക്തമായി അറിയാവുന്ന ഈ കാര്യത്തിൽ എത്ര വലിയ ഉന്നതന്മാരാണെങ്കിലും യഥാർത്ഥ കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി പ്രത്യേകമായി ഏതെങ്കിലും ഉദ്യോഗസ്ഥനെ വച്ച് ഒരന്വേഷണം നടത്തി ആളുകളുടെ നിരപരാധിത്വം ബോധ്യപ്പെടുത്തുന്നതിനും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം വി.ഡി.സതീശൻ ഇവിടെ ഉന്നയിച്ച പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലുവ വെസ്റ്റ് പോലീസ് സബ് ഇൻസ്പെക്ടർക്കാണ് 2010 ഒക്ടോബർ 24-ന് രാവിലെ 11 മണിയോടെ ഒരുഫോൺ സന്ദേശം ലഭിച്ചത്. പട്രോളിംഗ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എസ്.ഐ.യും പാർട്ടിയും ഉടനടി ശ്രീ. അബ്ദുൾ സലാമിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പുരയിടത്തിൽ എത്തി പരിശോധന നടത്തുകയും വീടിനു പുറത്തുള്ള മോട്ടോർ ഷെഡിൽ നിന്നും അഞ്ച് ലിറ്റർ വീതം കൊള്ളുന്ന രണ്ട് കന്നാസുകളിൽ കാണപ്പെട്ട പത്ത് ലിറ്റർ അനധികൃത സ്പിരിറ്റ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു. പോലീസ് എത്തുമ്പോൾ ശ്രീ. അബ്ദുൾ സലാമിന്റെ വീട് പൂട്ടിയിട്ടിരിക്കുകയായിരുന്നു. ഇക്കാര്യത്തിൽ എസ്.ഐ. വാദിയായി അബ്കാരി ആക്ട് 55 (എ) വകുപ്പുപ്രകാരം ക്രൈം 99/2010 ആയി ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസ്സിന്റെ അന്വേഷണം ആലുവ വെസ്റ്റ് പോലീസാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹു മാനപ്പെട്ട അംഗം വിശദീകരിച്ചതുപോലെയുള്ള സംഭവ വികാസങ്ങൾ അവിടെ ഉണ്ടായതായിട്ടാണ് റിപ്പോർട്ട് ലഭിച്ചിരിക്കുന്നത്. സ്പിരിറ്റ് കേസുമായി ബന്ധപ്പെട്ട ആളുകളെ ഇതിന്റെ ഭാഗമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ആരാണ് വിവരം നൽകിയെന്നുള്ളതു സംബന്ധിച്ചും അന്വേഷണം നടത്തിവരുന്നു. ഇരുപത്തിയഞ്ചോളം ആളുകളെ ഇതിന്റെ ഭാഗമായി ചോദ്യം ചെയ്തിട്ടുണ്ട്. ശ്രീ. അബ്ദുൾ സലാമിനെ വിളിപ്പിച്ച് അദ്ദേഹത്തിന്റെ മൊഴിയും എടുത്തിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനുവേണ്ടി അന്വേഷണം നടത്തിവരികയാണ്. ബഹു മാനപ്പെട്ട അംഗം റിപ്പോർട്ട് ചെയ്ത പ്രശ്നത്തെ സംബന്ധിച്ച് കൂടുതൽ ഗൗര വമായി അന്വേഷിക്കുന്നതിനുവേണ്ടി ഡിവൈ.എസ്.പിയെ.ഈ കേസ്സിന്റെ അന്വേഷണ ചുമതല ഏൽപ്പിക്കുന്നതാണ്. മുകളിൽ നിന്നുള്ള ഇടപെടൽ അംഗീകരിക്കാതെ സ്വതന്ത്രമായി അന്വേഷണം നടത്താൻ വേണ്ട നിർദ്ദേശം നൽകുന്നതാണ്.

(7) വഴിക്കടവിലെ താമസക്കാർക്ക് പട്ടയം

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ റവന്യൂ മന്ത്രിയായി ചാർജ്ജ് എടുത്ത നാൾ മുതൽ ഞാൻ ഒരു നീതിപൂർവ്വമായ കാര്യത്തിനുവേണ്ടി നടക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ മൂന്ന് മലകളാണുള്ളത്. കുരിശുമല ക്രിസ്ത്യനികൾക്ക് പതിച്ചു കൊടുത്ത സ്ഥലമാണ്. തങ്കൾപാറ ഏന്തിയാറിലെ മുസ്ലീം പള്ളിക്ക് പതിച്ചു കൊടുത്തതാണ്. ഇത് രണ്ടും തീർത്ഥാടന കേന്ദ്രങ്ങളാണ്. പിന്നീടുള്ളത് മുരുകൻ മലയാണ്. അത് ഹൈന്ദവ സമൂഹത്തിന് പതിച്ചുകൊടുക്കണം. മീനച്ചിൽ താലൂക്കിലെ ഈ സ്ഥലം എസ്എൻഡിപി-ക്ക് പതിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ കൊടുത്തിട്ട് പതിച്ചുകൊടുക്കാമെന്ന് മന്ത്രി നൂറുപ്രാവശ്യം പറഞ്ഞിട്ടും ഇതുവരെയും പതിച്ചുകൊടുത്തിട്ടില്ല., മുരുകൻ മലയുടെ പ്രദേശത്ത് 50-ൽ കൂടുതൽ വർഷങ്ങളായി 124 പാവപ്പെട്ട കുടുംബങ്ങൾ താമസിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് കൂടി പട്ടയം കൊടുക്കണം. അതിന്റെ ഫയലുകളെല്ലാം മന്ത്രിയുടേയും റവന്യൂ ഡിപ്പാർട്ടുമെന്റിന്റേയും ഓഫീസിൽ എത്തിയിട്ടുണ്ട്, ഇതുവരെയും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് ഇത്രയും തടസ്സമെന്ന് മനസ്സിലാകുന്നില്ല. എനിക്ക് സങ്കടമുണ്ട്. കാരണം കൊല്ലത്ത് എസ്.എൻ.ഡി.പി. ഹെഡ് ക്വാർട്ടേഴ്സ് ആഫീസ് ഇരിക്കുന്ന സ്ഥലത്തിന് 15 കൊല്ലം മുമ്പ് പട്ടയത്തിന് ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയിട്ടും ഇതുവരെയും പട്ടയം കിട്ടിയിട്ടില്ല എന്നാണ് ഞാൻ അന്വേഷിച്ചപ്പോൾ അറിയാൻ

LIBRARY ARCHIVES Kerala Legislative Assembly